"ഭരണഭാഷ - മാതൃഭാഷ"

വളരെ അടിയന്തിരം
സമയബന്ധിതം

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/36091/14

ചാക്ക, തിരുവനന്തപുരം
തീയതി: 03.06.2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-പരീക്ഷാ വിഭാഗം- ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2015 (സെമസ്റ്റർ സ്കീം)- ഒ.എം.ആർ ഉത്തരക്കടലാസ്സുകളുടെ മേൽനടപടികൾ-ഫീസ് കൈപ്പറ്റി ലഭ്യമാക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1.ഡി.ജി.ഇ.റ്റിയുടെ19(7)(9)/2014-CD നമ്പരായുള്ള 13.11.14 ലെ കത്ത്.
2. 27931/സി4/14/തൊഴിൽ നമ്പരായുള്ള 31.12.14 ലെ സർക്കാർ കത്ത്.

***************

ഫെബ്രുവരി 2015 അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് മുതൽ സെമസ്റ്റർ സ്കീമിൽ പരീക്ഷ എഴുതിയ ട്രെയിനികളുടെ പരീക്ഷയ്ക്ക് ഉപയോഗിക്കുന്ന ഒ.എം.ആർ ഉത്തരക്കടലാസ്സുകളുടെ പ്രിന്റിംഗ്, പാക്കിംഗ്, മൂല്യനിർണ്ണയം എന്നിവയ്ക്കായി ഓരോ ട്രെയിനിയിൽ നിന്നും 75/- രൂപ (രൂപ എഴുപത്തഞ്ച് മാത്രം) ഈടാക്കണമെന്നും ഇത്തരത്തിൽ സംസ്ഥാനത്തെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുക ഒറ്റ സി.ഡിയാക്കി ഡി.ജി.ഇ.റ്റിക്ക് അയച്ചുകൊടുക്കണമെന്നും സൂചന (1) പ്രകാരം ഡി.ജി.ഇ.റ്റി നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം പരീക്ഷ എഴുതുന്ന ട്രെയിനികളിൽ നിന്ന് ഇപ്പോൾ ശേഖരിക്കുന്ന ഫീസിന് പുറമേ 75/- രൂപ കൂടി ഓരോ ട്രെയിനികളിൽ നിന്നും ശേഖരിക്കുന്നതിന് സൂചന (2) പ്രകാരം സർക്കാർ അനുമതി നൽകുകയുണ്ടായി. ടി വിവരം പ്രസ്തുത പരീക്ഷാ വിജ്ഞാപനത്തിലൂടെ ട്രെയിനികളെ അറിയിച്ചതും ട്രെയിനികളിൽ നിന്ന് സത്യവാങ്മൂലം കൈപ്പറ്റി സൂക്ഷിക്കാൻ സ്ഥാപനമേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇത് പ്രകാരം ഫെബ്രുവരി 2015 എ.ഐ.ടി.ടി ആദ്യ സെമസ്റ്റർ (സപ്ലിമെന്ററി, റഗുലർ), രണ്ടാം സെമസ്റ്റർ (സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ (റഗുലർ) എന്നീ വിഭാഗത്തിൽ പരീക്ഷ എഴുതിയ ഓരോ ട്രെയിനിയിൽ നിന്നും 75/- രൂപ വീതം ശേഖരിക്കേണ്ടതായിട്ടുണ്ട് റഗുലർ ട്രെയിനികൾ, ടി പരീക്ഷ പ്രൈവറ്റ് രജിസ്ട്രേഷൻ പ്രകാരം എഴുതുന്ന ട്രെയിനികൾ, എസ്.സി.വി.റ്റി കോഴ്സുകളിൽ അഡ്മിഷൻ നേടി പാസാകുകയും എൻ.സി.വി.റ്റി പരീക്ഷ എഴുതിയതുമായ ട്രെയിനികൾ എന്നിവരിൽ നിന്നുമാണ് ടി ഇനത്തിൽ തുക ശേഖരിക്കേണ്ടതാണ്.

ടി ആവശ്യത്തിലേക്കായി ട്രെയിനിംഗ് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (എസ്.ബി.ടി), ജഗതി ശാഖയിൽ കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. (അക്കൗണ്ട് നമ്പർ 67322042438) ട്രെയിനികളിൽ നിന്ന് പ്രസ്തുത ഇനത്തിൽ ശേഖരിക്കുന്ന തുക താഴെ പറയുന്ന നിർദ്ദേശ പ്രകാരം പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. തൊട്ടടുത്ത എസ്.ബി.ടി ശാഖയിലായിരിക്കണം ഇത്തരത്തിൽ തുക ഒടുക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട് വിശദമായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

2. ഗവ.ഐ.ടി.ഐകളിലെ ട്രെയിനികളിൽ നിന്ന് ഈടാക്കുന്ന ഫീസിന്റെ വിവരങ്ങൾ പ്രഫോർമ 1 ൽ തയ്യാർ ചെയ്ത് സത്യവാങ്മൂലം സഹിതം സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.

3. തങ്ങളുടെ അധീനതയിൽ വരുന്ന സ്വകാര്യ/എസ്.സി.ഡി.ഡി/ എസ്.റ്റി.ഡി.ഡി സ്ഥാപന മേധാവികൾ ലഭ്യമാക്കുന്ന പ്രഫോർമ-1, ടി വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ എന്നിവ സൂക്ഷ്മതയോടു കൂടി പരിശോധിച്ച് തങ്ങളുടെ സ്ഥാപനത്തിലെ ട്രെയിനികളുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രഫോർമ-3(എ), 3 (ബി) എന്നിവയിൽ ടി വിവരങ്ങൾ ക്രോഡീകരിച്ച് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ 27.06.2015.നകം ലഭ്യമാക്കേണ്ടതാണ്. ഓരോ സെമസ്റ്ററിലും എത്ര ട്രെയിനികൾ പരീക്ഷ എഴുതിയെന്നും ആകെ ഫീസിനത്തിൽ എത്ര തുക ഒടുക്കിയെന്നും വ്യക്തമായി കാണിച്ചിരിക്കണം. പ്രഫോർമ 3 (എ)യിലെ വിവരങ്ങൾ ക്രോഡീകരിച്ച് പ്രഫോർമ 3 (ബി) തയ്യാറാക്കണം. പ്രഫോർമ -2 പ്രകാരമുള്ള രജിസ്റ്ററിൽ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ മേലൊപ്പ് ചാർത്തി സ്ഥാപനമേധാവികൾക്ക് തിരികെ നൽകേണ്ടതുമാണ്. പേ-ഇൻസ്ലിപ്പിന്റെ ഒറിജിനൽ രസീത് കൈപ്പറ്റി നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ സൂക്ഷിക്കേണ്ടതുമാണ്.

ട്രെയിനികളിൽ നിന്നും ലഭ്യമാക്കുന്ന ഫീസ് ഒറ്റ സി.ഡിയാക്കി ഡി.ജി.ഇ.റ്റിക്ക് നൽകേണ്ടതിനാൽ 18.06.2015.നകം തന്നെ പരീക്ഷ എഴുതിയ എല്ലാ ട്രെയിനികളുടേയും ഫീസ് മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശ പ്രകാരം ടി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. പ്രസ്തുത ദിവസത്തിനുള്ളിൽ ഫീസ് ഒടുക്കാത്ത ട്രെയിനികൾക്ക് യാതൊരു കാരണവശാലും തീയതി ദീർഘിപ്പിച്ച് നൽകുന്നതല്ല. ട്രെയിനികളിൽ നിന്ന് ഫീസ് കൈപ്പറ്റി അടക്കാത്ത സാഹചര്യം ഉണ്ടായാൽ ആയതിന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് മാത്രമായിരിക്കും ഉത്തരവാദിത്തം എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ഐ.ടി.മാർ ടി വിഷയത്തിൽ വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ/സ്വകാര്യ/എസ്.സി.ഡി.ഡി/ എസ്.റ്റി.ഡി.ഡി സ്ഥാപനമേധാവികൾക്കും

ഐ.ടി.മാർക്കും

പകർപ്പ്:-

വകുപ്പ് വെബ്സൈറ്റിലേക്ക്

കുറിപ്പ്:- ജി1/35222/14 നമ്പരായുള്ള 24.12.14 ലെ ചുറ്ററിയിപ്പ് പ്രകാരം നോഡൽ ഐ.ടി.ഐകളെ പുന:ക്രമീകരിച്ചിരുന്നു. ടി ഐ.ടി.ഐകളിലാണ് ബന്ധപ്പെട്ട സ്വകാര്യ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി സ്ഥാപന മേധാവികൾ പ്രഫോർമ-1 ഉം മറ്റും കൈമാറേണ്ടതാണ്.

എ.23.4.15

## പ്രഫോർമ-1

## അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2015 (സെമസ്റ്റർ സ്കീം)

ഒ.എം.ആർ ഉത്തരക്കടലാസ്സുകളുടെ പ്രിന്റിംഗ്, പാക്കിംഗ്, മൂല്യനിർണ്ണയം എന്നിവയ്ക്കായി ഫീസിനത്തിൽ ഡി.ജി.ഇ.റ്റിക്ക് നൽകേണ്ട തുകയുടെ വിവരങ്ങൾ :

**സെമസ്റ്റർ I, II, III**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ട്രേഡ് | ട്രെയിനിയുടെ പേര് | ഫീസിന്റെ വിവരങ്ങൾ (ബാങ്കിൽ തുക നിക്ഷേപിച്ച തീയതി) രസീത് നമ്പർ | തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | | | |
| | | ആകെ | ............... ട്രെയിനികൾ | | ............... രൂപ |

(രൂപ അക്കത്തിലും അക്ഷരത്തിലും

എന്റെ സ്ഥാപനത്തിൽ എ.ഐ.ടി.ടി ഫെബ്രുവരി 2015 സെമസ്റ്റർ സ്കീമിൽ പരീക്ഷ എഴുതിയ എല്ലാ ട്രെയിനികളുടെയും ഫീസ് കൈപ്പറ്റി ട്രെയിനിംഗ് ഡയറക്ടറുടെ പേരിലുള്ള 67322042438 എന്ന അക്കൗണ്ട് നമ്പറിൽ നിക്ഷേപിച്ചിട്ടുണ്ട് എന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തീയതി സ്ഥാപനമേധാവിയുടെ ഒപ്പും സീലും

(ഓഫീസ് സീൽ)

കുറിപ്പ്:- ഓരോ സെമസ്റ്ററിലും പരീക്ഷ എഴുതിയ ട്രെയിനികളുടെ വിവരങ്ങൾ പ്രഫോർമ-1 ൽ പ്രത്യേകമായി തയ്യാർ ചെയ്യേണ്ടതാണ്.

<u>പ്രഫോർമ-2</u>

സ്വകാര്യ/എസ്.സി.ഡി.ഡി/ എസ്.റ്റി.ഡി.ഡി സ്ഥാപനമേധാവികൾ തയ്യാറാക്കേണ്ട രജിസ്റ്ററിന്റെ മാതൃക

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ട്രേഡ് | ട്രെയിനിയുടെ പേര് | ഏത് സെമസ്റ്റർ പരീക്ഷ എഴുതി എന്നുള്ള വിവരം | തുക ഒടുക്കിയ തീയതി രസീത് നമ്പർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | | | |
| | | | ആകെ ................ട്രെയിനികൾ................തുക | | |

(രൂപ അക്കത്തിലും അക്ഷരത്തിലും

സ്ഥാപനമേധാവിയുടെ ഒപ്പും സീലും

പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ പരിശോധനയിൽ നിന്നും ശരിയാണെന്ന് ബോധ്യപ്പെട്ടു. .........................തുക ഒടുക്കിയ ക്യാഷ് രസീത് (ഒറിജിനൽ) ടി സ്ഥാപനത്തിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്.

(ഓഫീസ് സീൽ)

നോഡൽ ഐ.ടി.ഐ
പ്രിൻസിപ്പാളിന്റെ ഒപ്പും സീലും

## പ്രഫോർമ-3(എ)

## അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2015 (സെമസ്റ്റർ സ്കീം)

ഒ.എം.ആർ ഉത്തരക്കടലാസ്സുകളുടെ പ്രിന്റിംഗ്, പാക്കിംഗ്, മൂല്യനിർണ്ണയം എന്നിവയ്ക്കായി ഫീസിനത്തിൽ ഡി.ജി.ഇ.റ്റിക്ക് നൽകേണ്ട തുകയുടെ വിവരങ്ങൾ :

(നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ തയ്യാർ ചെയ്ത് നൽകേണ്ടത്)

| ക്രമ നം. | സ്ഥാപന ത്തിന്റെ പേര് | ഏത് സെമസ്റ്റർ പരീക്ഷ എഴുതി എന്നുള്ള വിവരം (സെമസ്റ്റർ തിരിച്ച്) | ആകെ ട്രെയിനികൾ | ഫീസിനത്തിൽ ഒടുക്കിയ ആകെ തുക | ക്യാഷ്/ രസീത് നമ്പർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | | | |
| | | | ആകെ...............ട്രെയിനികൾ.........തുക | | |

(രൂപ അക്കത്തിലും അക്ഷരത്തിലും)

എന്റെയും/എന്റെ സ്ഥാപനത്തിന്റെ അധീനതയിലും വരുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഫീസിന്റെ വിവരങ്ങൾ ക്രോഡീകരിച്ച് ടി പ്രഫോർമയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

തീയതി                പ്രിൻസിപ്പാൾ/ട്രെയിനിംഗ് ഓഫീസറിന്റെ ഒപ്പും സീലും

(ഓഫീസ് സീൽ)

## പ്രഫോർമ-3(ബി)

## അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2015 (സെമസ്റ്റർ സ്കീം)
## നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ തയ്യാറാക്കേണ്ടത്

| ക്രമ നം. | ആകെ സ്ഥാപനങ്ങളുടെ എണ്ണം | ഏത് സെമസ്റ്റർ പരീക്ഷ എഴുതി എന്നുള്ള വിവരം (സെമസ്റ്റർ തിരിച്ച്) | | | | ആകെ തുക |
|---|---|---|---|---|---|---|
| | | സെമസ്റ്റർ 1 ( സപ്ലിമെന്ററി) | സെമസ്റ്റർ 1 ( റഗുലർ) | സെമസ്റ്റർ 2 ( സപ്ലിമെന്ററി) | സെമസ്റ്റർ 3 ( റഗുലർ) | |
| | | | | | | |
| | | ആകെ..................ട്രെയിനികൾ......................തുക | | | | |

തീയതി    പ്രിൻസിപ്പാൾ/ട്രെയിനിംഗ് ഓഫീസറിന്റെ ഒപ്പും സീലും

(ഓഫീസ് സീൽ)

കുറിപ്പ്;- ഗവൺമെന്റ് ഐ.ടി.ഐയിൽ നിന്നുള്ള ഫീസിന്റെ വിവരങ്ങൾ പ്രത്യേകമായി ടി പ്രഫോർമയിൽ രേഖപ്പെടുത്തേണ്ടതാണ്.

എ-5.6.15

3601

No. DGET: 19(7)(9)/2014-CD
Government of India
Ministry of Labour and Employment
Directorate General of Employment & Training

Shram Shakti Bhawan, Rafi Marg,
New Delhi, Dated: 13th November, 2014

To,

1. Secretaries/ Principal Secretaries of all the State Governments/UT Administrators dealing with Vocational/Craftsmen Training.
2. Directors dealing with Vocational/Craftsmen Training of all States/UT Administrators;

**Subject:-Examination** Fees to be reimbursed by States/UTs for conducting All India Trade Test on Semester system under CTS-regarding

Sir/Madam

This is in continuation of this office letter of even No. dated 12th November,2014 regarding Enhancement of rates of Examination Fee to be charged from trainees of ITIs. It was informed in the above letter that NCVT during its 41st meeting held on 30th April,2014, while approving the enhanced rates, the Council approved that the part of examination fees will be reimbursed by States/UTs to DGET to meet the expenses involved in Printing, Packing and Dispatch/Collection & Evaluation of OMR Sheets.

In this connection, the Competent authority has decided that the examination fee of Rs 75/- per candidate per semester is reimbursed to DGET by the States/UTs for conducting AITT from January / February 2015 and onward. Therefore, the central share of Rs 75/- per candidate per semester for all candidates who are appearing in the exam from respective States/UTs is to be remitted through Cheque/Demand Draft made in favour of Pay and Accounts Office, DGET, New Delhi.

You are requested to make a single Cheque/Demand Draft of exam fees for all the candidates' and send the same along with the indent of your State to the Director (TTC),DGET.

Yours faithfully

(D. Mallick)
Deputy Director General (T)
Member Secretary NCVT

**Copy to:**

1. Directors, ATI Chennai, Hyderabad, Mumbai, Kolkata, Kanpur, Ludhiana, CSTARI Kolkatta, ATI (EPI) Hyderabad & Dehradun, FTI Bangalore & Jameshdpur and NIMI Chennai; and
2. RDAT Kanpur, Mumbai, Kolkata, Chennai, Faridabad & Hyderabad.
3. The Principal, NVTI-Noida and RVTIs-Mumbai, Bangalore, Trivandrum, Panipat, Kolkata, Tura, Indore, Allahabad, Jaipur and Vadodara
4. Director (TTC), JDT (TTC)

41

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

നം. 27931/സി4/14/തൊഴിൽ

തിരുവനന്തപുരം
തീയതി 31.12.2014

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ,
തിരുവനന്തപുരം.

മാഡം,

വിഷയം - തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പ് - അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് -2015 - ട്രെയിനികളിൽ നിന്നും പരീക്ഷ ഫീസ് ഈടാക്കുന്നത് - സംബന്ധിച്ച്.

സൂചന – താങ്കളുടെ 28.11.2014 തീയതിയിലെ ജി1/3691/2014 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് സെമസ്റ്റർ പരീക്ഷ എഴുതുന്നതിന് ഇപ്പോൾ ശേഖരിക്കുന്ന പരീക്ഷ ഫീസിന് പുറമെ 75/-രൂപകൂടി ഓരോ ട്രെയിനികളിൽ നിന്നും ശേഖരിക്കുന്നതിന് താങ്കൾക്ക് അനുമതി നൽകുന്നു.

വിശ്വസ്തതയോടെ,
സി.എം. അജയ മോഹൻ,
അണ്ടർ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

909

State Bank of Travancore
Jagathy Branch
Thiruvananthapuram District
Kerala, PIN: 695014

Ph: 0471 2321445, 2325567
EMAIL: jagathy@sbt.co.in

AGM/I/TVM/

08.05.2015

The Training Director
Industrial Training Department
Chacka
Thiruvananthapuram

**Opening of new Current Account in the name of Director of Training Industrial Training Department**

With reference to your letter No.G1/36091/14 dated 27.04.2015 we have to inform that we have today opened a new Current Account in the name of" Director of Training, Industrial Training Department" with account number-67322042438.

Yours faithfully

For STATE BANK OF TRAVANCORE

Branch Manager

Chief Manager (Jagathy, Tvpm)